**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2237** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ  ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും, ഒപ്പം സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെയും സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് ഇന്റേർണുകളെ നിയോഗിക്കുകയും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായക സംവിധാനമായി പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. എല്ലാ തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സംരംഭ സാധ്യതയുള്ള ഉല്പന്നങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, ഇപ്രകാരം കണ്ടെത്തിയ ഉത്പ്പന്നങ്ങളുടെ കരട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭ സാധ്യതയുള്ള ഉല്പന്നങ്ങൾ കണ്ടെത്തി, പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഓരോ തദ്ദേശ ഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ